**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1373** **07-02-2023 - ൽ മറുപടിയ്ക്ക്**

**റിട്ടയർ ചെയ്ത പ്രഥമാദ്ധ്യാപകർക്ക് എൻ.എൽ.സി. നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ ഹൈസ്കൂളുകളിൽ നിന്നും റിട്ടയർ ചെയ്ത പ്രഥമാദ്ധ്യാപകർക്ക് ഒരു വർഷമായിട്ടും എൻ.എൽ.സി. നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് ഇതുവരെ എൻ.എൽ.സി. ലഭിക്കാത്തത് എന്നതിന്റെ വിവരം ലഭ്യമാക്കുമോ; | (എ) | 14 പേർക്ക് |
| (ബി) | വിരമിച്ച് ഒരു വർഷമായിട്ടും ഓഡിറ്റിന് ശേഷമുള്ള എൻ.എൽ.സി. കൾ ലഭിച്ചിട്ടില്ല എന്ന പരാതികളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവർക്ക് അടിയന്തരമായി എൻ.എൽ.സി. ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | അത്തരത്തിൽ പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സമയബന്ധിതമായി ഓഡിറ്റ് നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടും ആലപ്പുഴ ഡി.ഡി.ഇ. ഇത് കൃത്യമായി ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിർദ്ദേശം പാലിക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (സി) | 2022-23 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിൽ നിന്നും പ്രഥമാദ്ധ്യാപിക തസ്തിക/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ നിന്നും 54 പേരാണ് വിരമിച്ചിട്ടുള്ളത്. ആയത് തീയതി വച്ച് ചുവടെ ചേർക്കുന്നു.<br><br>31.03.2022 തീയതിയിൽ വിരമിച്ചവർ - 9<br><br>30.04.2022 തീയതിയിൽ വിരമിച്ചവർ - 6<br><br>31.05.2022 തീയതിയിൽ വിരമിച്ചവർ - 39<br><br>മേൽ കാലയളവിൽ വിരമിച്ചവരുടെ കാര്യാലയങ്ങളിലെ കണക്കു പരിശോധന 2022 ഒക്ടോബർ മാസത്തിനുള്ളിൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ തുടർ നടപടി എന്ന നിലയ്ക്ക് ജനുവരി മാസം 23, 24, 25 എന്നീ തീയതികളിൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് അദാലത്ത് നടത്തുകയും തടസ്സവാദങ്ങൾ തീർപ്പാക്കി ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തായാക്കി വരികയുമാണ്. |

സെക്ഷൻ ഓഫീസർ